# 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2705** **13-02-2024 - ൽ മറുപടിയ്ക്ക്**

## കുന്നത്തുനാട് മണ്ഡലത്തിലെ വ്യവസായ വകുപ്പ് പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :<br><br>പ്രധാനമന്ത്രി എംപ്ലോയ്മെന്റ് ഗാരന്റി പ്രോഗ്രാം<br><br>മാർജിൻ മണി ഗ്രാന്റ് റ്റു നാനോ യൂണിറ്റ്സ്<br><br>വൺ ഫാമിലി വൺ എന്റർപ്രൈസ് പ്രോഗ്രാം<br><br>പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ് എന്റർപ്രൈസസ്<br><br>സംരംഭക സഹായ പദ്ധതി<br><br>മൈക്രോ സ്മാൾ മീഡിയം എന്റർപ്രൈസസ് ഇൻഷ്വറൻസ് സ്കീം.<br><br>മേൽപ്പറഞ്ഞ പദ്ധതികൾക്ക് 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലായി വിവിധയിനത്തിൽ തുക അനുവദിച്ച് നൽകിയിട്ടുണ്ട്. ലോണുകളായും പലിശ സബ്-സിഡിയായും ഇൻഷ്വറൻസ് റീ ഇമ്പേഴ്സ്മെന്റായിട്ടുമാണ് തുക അനുവദിച്ചിട്ടുള്ളത്.<br><br>കിൻഫ്രയുടെ ഉടമസ്ഥതയിൽ സ്ഥാപിച്ച് വരുന്ന പെട്രോ കെമിക്കൽ പാർക്കിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (ബി) | മണ്ഡലത്തിലെ എത്ര ചെറുകിട സംരംഭകർക്ക് വകുപ്പ് അനുമതിയും സഹായങ്ങളും നല്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വ്യവസായ വാണിജ്യ വകുപ്പ് നൽകുന്ന അനുമതിയായ കെ-സ്വിഫ്റ്റ് അക്നോളഡ്ജ്മെന്റ് കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ 2023 ഡിസംബർ 31 വരെ 331 യൂണിറ്റുകൾക്ക് അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കിൻഫ്രയുടെ പെട്രോ കെമിക്കൽ പാർക്കിൽ 22 യൂണിറ്റുകൾക്ക് ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്. സിഡ്കോയുടെ സൗത്ത് വാഴക്കുളം മിനി വ്യവസായ എസ്റ്റേറ്റിൽ ഒരു സംരംഭകന് 3.45 സെന്റ് ഭൂമി ലീസ് വ്യവസ്ഥയിൽ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ